***'CORRUPTION, A CRIME AGAINST NATION'***

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393

തീയതി: 07.01.2021

# ഫിഷറീസ് ഡയറക്ടറെറ്റിലെ മുൻ ഉദ്യോഗസ്ഥരെ വിജിലൻസ് കോടതി ശിക്ഷിച്ചു .

2006-ൽ വ്യാജ ബാധ്യത സർട്ടിഫികറ്റ് നൽകി സഹകരണ ബാങ്കിൽ നിന്നും 2 ലക്ഷം രൂപ ലോൺ എടുത്തു വെട്ടിപ്പ് നടത്തിയ കേസിൽ തിരുവനന്തപുരം കമലേശ്വരം ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ആഫീസിലെ മുൻ യു ഡി ക്ലാർക്ക് ജെൻസൺ ജെ ആഡ്രൂസിനെയും , മുൻ പ്യൂൺ ഹേമചന്ദ്രനെയും എന്നിവരെ തിരുവനന്തപുരം വിജിലൻസ് കോടതി ആകെ 9 വർഷം തടവിനും 10000 രൂപ വീതം പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷ വിധിച്ചത് . 2006-ൽ തിരുവനന്തപുരം കമലേശ്വരം ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പ്യൂൺ ആയി ജോലി നോക്കി വന്നിരുന്ന ഹേമചന്ദ്രന്റെ സഹോദരനെക്കൊണ്ട് പേരൂർക്കട സഹകരണ ബാങ്കിൽ നിന്നും, ഭാര്യയെക്കൊണ്ട് കിളിമാനൂർ സഹകരണ ബാങ്കിൽ നിന്നും ഓരോ ലക്ഷം രൂപ വീതം ലോൺ എടുത്ത ശേഷം ബാങ്ക് ഗ്യാരന്റി ആയി ഹേമചന്ദ്രൻ എൽ ഡി ക്ലാർക്ക് ആണെന്ന വ്യാജ രേഖ നൽകി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന സുഭാഷ്ചന്ദ്ര മോഹനും യു ഡി ക്ലാർക്ക് ജെൻസൺ ജെ ആഡ്രൂസും ചേർന്ന് വെട്ടിപ്പ് നടത്തിയതതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലാണ് 2 ഉം 3 ഉം പ്രതികളായ ജെൻസൺ ജെ ആഡ്രൂസിനെയും ഹേമചന്ദ്രനെയും കുറ്റക്കാരെന്നു കണ്ടെത്തി 4 വകുപ്പുകളിലായി 2 വർഷം വീതം വെറും തടവിനും വ്യാജ രേഖ ഉപയോഗിച്ചതിനു 1 വർഷം വെറും തടവിനും ശിക്ഷിച്ചത്. കൂടാതെ 10000 രൂപ വീതം പിഴ ഒടുക്കുന്നതിനും പിഴ അടച്ചില്ലയെങ്കിൽ 3 മാസം വെറും തടവും കൂടി അനുഭവിക്കുന്നതിനു

വിജിലൻസ് കോടതി  ശിക്ഷിച്ചത്. തടവ് ശിക്ഷ ഒന്നിച്ചു അനുഭവിച്ചാൽ മതിയാകും. ഒന്നാം പ്രതിയായ സുഭാഷ്ചന്ദ്ര മോഹൻ മരണപ്പെട്ടതിനാൽ ശിക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാകുന്നു .

വിജിലൻസ് തിരുവനന്തപുരം യുണിറ്റ് മുൻ ഡി. വൈ. എസ്. പി. ശ്രീ. സി സുരേഷ്ബാബു രജിസ്റ്റർ ചെയ്ത കേസിൽ മുൻ ഇൻസ്പെക്ടർമാരായ ശ്രീ.വി.രാഗേഷ് കുമാർ ,ശ്രീ. വിനുകുമാർ എന്നിവരാണ് അന്വേഷണം നടത്തിയത്. പ്രോസിക്യൂഷനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ.ഉണ്ണികൃഷ്ണൻ എസ്  ചെറിന്നിയൂർ ഹാജരായി